**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.901 — 28.04.2017-ൽ മറുപടിക്ക്

**മുദ്രപ്പത്രങ്ങൾക്ക് പകരം ഇ-സ്റ്റാമ്പ്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന മുദ്രപ്പത്രങ്ങൾക്ക് പകരം ഇ-സ്റ്റാമ്പ് നിർബന്ധമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായോ; | എ) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഇതിനായി 1960-ലെ സ്റ്റാമ്പ് നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായോ; | ബി) ഭേദഗതി വരുത്തുകയുണ്ടായി. |
| സി) ഇതുവഴി വ്യാജമുദ്രപ്പത്രങ്ങൾ തടയുന്നതിന് സാധ്യമാവുമോ; കൂടാതെ മറ്റെന്തൊക്കെ നേട്ടങ്ങളാണ് ഈ നടപടിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ? | സി) സാധ്യമാകുന്നതാണ്.<br>ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു.<br>1. വ്യാജമുദ്രപത്രങ്ങൾ തടയുവാൻ കഴിയുന്നു.<br>2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.<br>3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.<br>4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.<br>5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**